**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1257** **07-02-2023 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി നിയോജക മണ്ഡലത്തിലെ കേടായ റോഡുകൾ ഗതാഗത യോഗ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി സെൻട്രൽ ജംഗ്ഷൻ, മലപ്പുറം-മഞ്ചേരി റോഡ്, കച്ചേരിപ്പടി, മഞ്ചേരി- ഒലിപ്പുഴ റോഡ്, നാട്ടുകാണി -പരപ്പനങ്ങാടി റോഡ്, മുള്ളിയാക്കുറിശ്ശി-പാണ്ടിക്കാട് റോഡിൽ പട്ടിക്കാട് മുതൽ ആക്കപ്പറമ്പ് വരെ, പാണ്ടിക്കാട്-വണ്ടൂർ-വടപുരം റോഡിൽ ഒറവംപുറം പാലം മുതൽ മരാട്ടപ്പടി പാലം വരെ, ചെരണി- പന്നിപ്പാറ റോഡ്, മഞ്ചേരി-ഒലിപ്പുഴ റോഡിൽ പാണ്ടിക്കാട് മുതൽ ഒലിപ്പുഴ വരെ, പയ്യനാട് അങ്ങാടി, മാലാങ്കുളം-ചെറാങ്കുത്ത്-ചെറുകുളംറോഡ്, മഞ്ചേരി 2nd ബൈപ്പാസ് എന്നീ റോഡുകൾ പൂർണ്ണമായും തകർന്നിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ടി റോഡുകളുമായി ബന്ധപ്പെട്ട വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>• മഞ്ചേരി സെൻട്രൽ ജംഗ്ഷൻ - KWA (KIIFB) പ്രവൃത്തി പുരോഗമിച്ചു കൊണ്ടിരിക്കുന്നു.<br>• മലപ്പുറം - മഞ്ചേരി റോഡ് & നാട്ടുകാണി പരപ്പനങ്ങാടി റോഡ്- ഡി.എഫ്.ഐ.പി നാട്ടുകാണി പരപ്പനങ്ങാടി റോഡിൽ ബാലൻസ് എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.<br>• കച്ചേരിപ്പടി KWA (KIIFB,) പ്രവൃത്തി പുരോഗമിച്ചുകൊണ്ടിരിക്കുന്നു.<br>• മഞ്ചേരി- ഒലിപ്പുഴ റോഡിൽ പാണ്ടിക്കാട് മുതൽ കിഴക്കേ പാണ്ടിക്കാട് വരെയും പയ്യനാട് - അങ്ങാടി ഭാഗത്തും ചില ഭാഗങ്ങൾക്ക് കേട്ടുപാട്ടു സംഭവിച്ചതിൽ കി.മീ. 0/000 മുതൽ 16/200 വരെ അറ്റകുറ്റപ്പണി നടത്തി പൂർണ്ണമായും ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്<br>• മുള്ള്യാകുർശ്ശി - പാണ്ടിക്കാട് റോഡിൽ പട്ടിക്കാട് മുതൽ ആക്കപ്പറമ്പ് വരെ കുഴികളടച്ച് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട് . ടാറിങ് പ്രവൃത്തി ഉടൻ പൂർത്തീകരിക്കുന്നതാണ്,<br>• ചെരണി- പന്നിപ്പാറ റോഡ് - KWA യുടെ KIIFB പ്രവൃത്തിയും പൊതുമരാമത്ത് വകുപ്പിന്റെ RC-I & RC-II പ്രവൃത്തികളും പുരോഗമിച്ചുവരുന്നു.<br>• മാലാങ്കുളം - ചെറാംകുത്ത് ചെറുകുളം റോഡിൽ RC വർക്കുകൾ പുരോഗമിക്കുന്നുണ്ട്.<br>• മഞ്ചേരി സെക്കന്റ് ബൈപ്പാസ്- റോഡിൽ ബഡ്ജറ്റ് പ്രവൃത്തി 28.06.2022 ന് |

| | | | |
|---|---|---|---|
| | | | പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ ഈ റോഡിന് കേടുപാടുകൾ ഒന്നും തന്നെയില്ല.<br>• മാലാകുളം - ചെറുകുളം റോഡിന്റെ ആദ്യ 5.5. കിലോമീറ്ററിൽ പാച്ച് പ്രവൃത്തികൾ അറേഞ്ച് ചെയ്തിട്ടുണ്ട്. മുള്ള്യാംകുർശ്ശി- പാണ്ടിക്കാട് റോഡിൽ പട്ടിക്കാട് മുതൽ ആക്കപറമ്പ് വരെ കുഴികൾ അടച്ച് ഗതഗത യോഗ്യമാക്കിയിട്ടുണ്ട്. ടാറിംഗ് പ്രവൃത്തി ഉടൻ പൂർത്തീകരിക്കുന്നതാണ്. |
| (ബി) | വർഷങ്ങളായി ചുവപ്പ് നാടയിൽ കുടുങ്ങിക്കിടക്കുന്ന മഞ്ചേരി-ഒലിപ്പുഴ റോഡിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (ബി) | സ്ഥലമേറ്റെടുപ്പിൽ ഉണ്ടാവുന്ന കാലതാമസം മൂലമാണ് പ്രവൃത്തി തുടങ്ങാൻ സാധിക്കാത്തത്. പ്രവൃത്തിക്കായി 0.637 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിന് 19.01.2021-ൽ റവന്യൂ വകുപ്പിൽ നിന്നും ഭരണാനുമതി നൽകിയിരുന്നതും, 09.06.2022 ൽ 6(1) നോട്ടിഫിക്കേഷൻ നൽകിയിട്ടുള്ളതുമാണ്. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ചതിനുശേഷം സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയും. |
| (സി) | നാട്ടുകാണി -പരപ്പനങ്ങാടി റോഡിൽ ചെരണി മുതൽ ജസീല ജംഗ്ഷൻ വരെയുള്ള ഭാഗങ്ങളിൽ റോഡ് തകർന്ന് ഗതാഗത യോഗ്യമല്ലാതായിട്ട് മാസങ്ങളായെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ റോഡുകളെ അടിയന്തരമായി പുനരുദ്ധാരണം നടത്തി ഗതാഗത യോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | (സി) | നാട്ടുകാണി -പരപ്പനങ്ങാടി റോഡിൽ ചെരണി മുതൽ ജസീല ജംഗ്ഷൻ മുതൽ 1 കി.മീ വരെ വാട്ടർ അതോറിറ്റി റെസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട് . പ്രസ്തുത റോഡിൽ നിരത്ത് പരിപാലന വിഭാഗത്തിന് കീഴിലുള്ള ഭാഗത്ത് ടെമ്പററി പാച്ച് വർക്ക് ചെയ്തിട്ടുണ്ട് . ആയതിന് ശേഷം ഈ ഭാഗങ്ങളിലായി കെ.എസ്.ഇ.ബി ട്രെഞ്ച് എടുത്തിട്ടുണ്ട് . ഈ ഭാഗങ്ങളിൽ പെർമനെന്റ് പാച്ച് വർക്ക് ഉടൻ നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നാട്ടുകാണി പരപ്പനങ്ങാടി റോഡിൽ ബാലൻസ് എസ്റ്റിമേറ്റായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച 260 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.<br><br>മഞ്ചേരി ഒലിപ്പുഴ റോഡ് ബി എം ബി സി നിലവാരത്തിൽ നവീകരിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 20/08/2016 ൽ പ്രകാരം 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനു മതിയും, 14/03/2018-ൽ KIIFB-യിൽ നിന്ന് 85.61 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ച തിനുശേഷം സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് കരുതുന്നു. |
| (ഡി) | ഈ റോഡുകളിലെ ഗതാഗതം സുഗമമാക്കുന്നതിന് | (ഡി) | നാട്ടുകാണി -പരപ്പനങ്ങാടി റോഡിൽ ചെരണി മുതൽ |

| | | | |
|---|---|---|---|
| | പൂർണ്ണമായും ബി.എം.&ബി.സി. ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | | ജസീല ജംഗ്ഷൻ മുതൽ 1 കി.മീ വരെ വാട്ടർ അതോറിറ്റി റെസ്റ്റോറേഷൻ പ്രവൃത്തി പൂർത്തീകരിക്കേണ്ടതുണ്ട് . പ്രസ്തുത റോഡിൽ നിരത്ത് പരിപാലന വിഭാഗത്തിന് കീഴിലുള്ള ഭാഗത്ത് ടെമ്പററി പാച്ച് വർക്ക് ചെയ്തിട്ടുണ്ട് . ആയതിന് ശേഷം ഈ ഭാഗങ്ങളിലായി കെ.എസ്.ഇ.ബി ട്രെഞ്ച് എടുത്തിട്ടുണ്ട് . ഈ ഭാഗങ്ങളിൽ പെർമനെന്റ് പാച്ച് വർക്ക് ഉടൻ നടത്താൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. നാട്ടുകാണി പരപ്പനങ്ങാടി റോഡിൽ ബാലൻസ് എസ്റ്റിമേറ്റായി ചീഫ് എഞ്ചിനീയർ സമർപ്പിച്ച 260 കോടി രൂപയുടെ എസ്റ്റിമേറ്റ് സർക്കാർ പരിശോധിച്ചുവരുന്നു.<br><br>മഞ്ചേരി ഒലിപ്പുഴ റോഡ് ബി എം ബി സി നിലവാരത്തിൽ നവീകരിക്കുന്നതിന് കിഫ്ബിയിൽ ഉൾപ്പെടുത്തി 20/08/2016 ൽ പ്രകാരം 10 കോടി രൂപയുടെ തത്വത്തിൽ ഭരണാനു മതിയും, 14/03/2018-ൽ KIIFB-യിൽ നിന്ന് 85.61 കോടി രൂപയുടെ സാമ്പത്തികാനുമതിയും നൽകിയിട്ടുണ്ട്. സ്ഥലമേറ്റെടുപ്പ് നടപടികൾ പൂർത്തീകരിച്ച തിനുശേഷം സാങ്കേതികാനുമതി നൽകി ടെൻഡർ ചെയ്യുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുമെന്ന് കരുതുന്നു. |
| (ഇ) | മുള്ളമ്പാറ-കോണിക്കല്ല്-ഇരുമ്പുഴി റോഡ് പൂർണ്ണമായും തകർന്നു കിടക്കുന്നതിനാൽ ടി റോഡിന്റെ പുനരുദ്ധാരണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ഇ) | മുള്ളമ്പാറ - കോണിക്കല്ല് - ഇരുമ്പുഴി റോഡിന്റെ കേടുപാടുകൾ സംഭവിച്ച ഭാഗങ്ങൾ നവീരിക്കുന്നതിനും പരിഗണനയ്ക്കുമായി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ